(എഫ്) പാവപ്പെട്ടവർക്കുള്ള ഈ ചികിൽത്സാ സഹായ പദ്ധതിയിൽ ഏതൊക്കെ അസുഖങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) ചികിത്സാ സഹായ പദ്ധതിയനുസരിച്ച് പാവപ്പെട്ട രോഗികൾക്കുള്ള ചികിത്സാ സഹായ സൊസൈറ്റി മുഖാന്തിരം 24,000 രൂപയ്ക്ക് താഴെ വാർഷിക കുടുംബവരുമാനമുള്ള 246 രോഗികൾക്ക് ഇതുവരെ ധനസഹായം നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലും, ഗവൺമെന്റ് ആശുപത്രികളിലും ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലും സൊസൈറ്റി നിജപ്പെടുത്തിയിട്ടുള്ള ചില പ്രധാനപ്പെട്ട രോഗങ്ങളുടെ ചികിത്സയ്ക്കും, ഓപ്പറേഷനും വിധേയമാകുന്ന രോഗികളെ ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രപ്രകാരമാണ് തുക അനുവദിക്കുന്നത്. ടി തുക അതാതു ആശുപത്രി സൂപ്രണ്ടിന് ഡിമാന്റ്ഡ്രാഫ്റ്റായി നൽകുന്നു.

(ബി) ആരോഗ്യ വകുപ്പുമന്ത്രി ചെയർമാനായുള്ള ജനറൽബോഡി ഓരോമാസവും യോഗം കൂടി സൊസൈറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. കൂടുതൽ ഫണ്ട് പൊതുപങ്കാളിത്തത്തോടെ സമാഹരിച്ച് സൊസൈറ്റിയുടെ പ്രവർത്തനം ഇനിയും വിപുലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) സംസ്ഥാന വിഹിതമായി 2 കോടിരൂപയും, കേന്ദ്രവിഹിതമായി ഒരുകോടി രൂപയുമാണ് സൊസൈറ്റിക്ക് പ്രവർത്തന മൂലധനമായുണ്ടായിരുന്നത്.

(ഡി)&(ഇ) ചികിത്സാ ധനസഹായം ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ട് മുഖാന്തിരമാണ് നൽകുന്നത്. കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) താഴെപറയുന്ന അസുഖങ്ങളെ ഈ ചികിത്സാ സഹായപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ഹൃദയശസ്ത്രക്രിയ
2. പേസ്മേക്കർ സ്ഥാപിക്കൽ
3. ആൻജിയോഗ്രാം
4. ആൻജിയോപ്ലാസ്റ്റി
5. കിഡ്നി മാറ്റിവയ്ക്കുന്ന ശസ്ത്രക്രിയ
6. പല വിഭാഗത്തിലുള്ള ഓർത്തോപീഡിക്ക് സർജറി
7. ബ്രെയിൻ സർജറി

171 (2487) സംസ്ഥാന സർവ്വീസിൽ നിന്ന് വിരമിക്കുന്നവർക്ക് ചികിത്സാസൗകര്യം ലഭിക്കുന്നതിനുള്ള നടപടി

ശ്രീ. കെ. ബാബു :

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന സർവ്വീസിൽനിന്നും വിരമിക്കുന്നവർക്ക് ചികിത്സാ സൗകര്യം ലഭിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ പദ്ധതിയുടെ നടത്തിപ്പ് സാധ്യത വിലയിരുത്താനായി വിവിധ ഇൻഷ്വറൻസ് കമ്പനികളും, പെൻഷൻകാരുടെ സംഘടനാ പ്രതിനിധികളും ഉൾപ്പെടെയുള്ള എല്ലാവരുമായി ചർച്ചകൾ നടത്തി ഒരു പ്രവർത്തനക്ഷമമായ സ്കീം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നു. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അടുത്ത വർഷം പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പരിഗണനയുടെ പ്രാരംഭദശയിൽ ആയതിനാൽ വിശദാംശങ്ങൾ നൽകാൻ നിർവ്വാഹമില്ല.

172 (2487) ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളുടെ ശോച്യാവസ്ഥ സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും അഭിപ്രായം പ്രകടിപ്പിക്കുകയോ നിർദ്ദേശം നൽകുകയോ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) മനുഷ്യാവകാശ കമ്മീഷൻ മെമ്പർ ഡോ. എസ്. ബാലരാമൻ 23.11.99-ൽ തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രം സന്ദർശിക്കുകയും ചില നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. നിർദ്ദേശങ്ങളും അതു സംബന്ധിച്ച് നടപ്പിലാക്കിയ കാര്യങ്ങളും ചുവടെ കൊടുക്കുന്നു:

1. സൂപ്രണ്ടും, ആർ.എം.ഒയും ആശുപത്രി കോമ്പൗണ്ടിൽ താമസിക്കണമെന്ന നിർദ്ദേശം ഉണ്ടായി. തിരുവനന്തപുരം നഗരത്തിൽ ഈ കേന്ദ്രത്തിന് 6 കിലോമീറ്റർ ചുറ്റളവിനകത്ത് വരുന്ന കുമാരപുരത്ത് സൂപ്രണ്ടും, കാർട്ടേഴ്സിൽ ആർ.എം.ഒയും താമസിക്കുന്നുണ്ട്.

2. ഫീമെയിൽ ക്രോണിക് വാർഡ്, സിക്ക് വാർഡ്, വാർഡ് 10 ആന്റ് 22 -ലെ ടോയ്ലെറ്റ് എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തണം.

LIBRARY ARCHIVES Kerala Legislative Assembly